# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1968 10.03.2020-ൽ മറുപടിക്ക്

## മാമാങ്ക രേഖകൾ സൂക്ഷിക്കുന്നതിന് സംവിധാനം

**ചോദ്യം**

ശ്രീ.വി. അബ്ദുറഹിമാൻ

**ഉത്തരം**

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | മാമാങ്ക സ്മാരകത്തിലെ നിലപാട്ടു തറയിലേയ്ക്ക് പൊതുവഴി ഇല്ല എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | മാമാങ്ക സ്മാരകമായ നിലപാട്ട തറയിലേക്ക് പൊതുവഴി ഇല്ല എന്നുള്ള വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമായ നിലപാട് തറയിലേക്ക് എത്തിച്ചേരുന്നതിനു വഴിയൊരുക്കുന്നതിനു ബഹുമാനപ്പെട്ട കേരള ഹൈക്കോടതി WP(C) 33695 / 2015 നമ്പർ ഹർജിയിൽ 01.07.2019 നു പുറപ്പെടുവിച്ച ഉത്തരവിൻ പ്രകാരം വകുപ്പ് നടപടി സ്വീകരിച്ചിട്ടുള്ളതും സർവ്വേ നടപടികൾ പൂർത്തിയാക്കിയിട്ടുള്ളതുമാണ്. എന്നാൽ ഇതേ വിഷയത്തിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ ശ്രീ.ഷാജഹാൻ എന്ന വ്യക്തി ഫയൽ ചെയ്ത WP(C)33283/2019 എന്ന ഹർജി 19.12.2019 ലാണ് തീർപ്പാക്കി ഉത്തരവായിട്ടുള്ളത് എന്നതിനാൽ ഉത്തരവിന്റെ പകർപ്പ് ലഭിച്ചിട്ടില്ല. ഇതു ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഉത്തരവ് ലഭിച്ചാലുടൻ തുടർ നടപടികൾ സ്വീകരിക്കുന്നതും സന്ദർശകർക്ക് സ്മാരകത്തിൽ സുഗമമായി എത്തിച്ചേരുന്നതിനു വഴി സൗകര്യം ഒരുക്കുന്നതുമാണ് |
| (ബി) | നിലപാട്ടുതറയിലേയ്ക്ക് എത്തുന്ന സഞ്ചാരികൾക്ക് സുഗമമായി എത്തിച്ചേരുന്നതിന് സ്ഥലം ഏറ്റെടുത്ത് പാതയൊരുക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; | | |
| (സി) | മാമാങ്ക രേഖകൾ സഞ്ചാരികൾക്കും വരും തലമുറയ്ക്കും ഗവേഷകർക്കും പ്രയോജനപ്പെടുംവിധം സൂക്ഷിക്കുന്നതിന് മികച്ച സംവിധാനങ്ങൾ ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) | മാമാങ്ക രേഖകൾ സഞ്ചാരികൾക്ക് ലഭ്യമാക്കുന്നതിനുള്ള സാദ്ധ്യതകൾ പുരാവസ്തു/ പുരാരേഖാ വകുപ്പുകൾ പരിശോധിക്കുന്നതാണ് . |

**സെക്ഷൻ ഓഫീസർ**